എലിപ്പനി

പെട്ടെന്നുണ്ടാകുന്ന തലവേദന, ദേഹവേദന, പനി, കണ്ണു ചുവപ്പ്, വിശപ്പ് കുറവ്, ഛർദ്ദി തുടങ്ങിയവയാണ് രോഗലക്ഷണങ്ങൾ, പെനിസിലിൻ മരുന്നാണ് ചികിത്സ, മറ്റ് ആന്റിബയോട്ടിക്കുകളും ഉപയോഗിക്കാം.

(സി) രോഗം പകരുന്ന രീതി, രോഗലക്ഷണങ്ങൾ, രോഗം വരാൻ കൂടുതൽ സാദ്ധ്യതയുള്ള ആളുകൾ/പ്രദേശങ്ങൾ രോഗ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ചികിത്സ തേടേണ്ടതിന്റെ ആവശ്യകത, വൈകിയാൽ ഉണ്ടാകുന്ന ഗുരുതരാവസ്ഥകൾ, രോഗം തടയുവാനുള്ള മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് വമ്പിച്ച പ്രചാരണം കഴിഞ്ഞ കുറേ വർഷങ്ങളായി നടത്തിവരുന്നുണ്ട്.

ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ പകർച്ച വ്യാധികളാൽ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ മരിച്ചവർ

95 (2221) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ പകർച്ച വ്യാധികൾ കാരണം കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്രപേർ മരണമടഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

സംസ്ഥാനത്ത് 2001 മുതൽ 2003 ജൂലൈ 5 വരെ ഡെങ്കിപ്പനി ബാധിച്ച് 39 പേരും, എലിപ്പനി ബാധിച്ച് 354 പേരും മരണമടഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ ഡെങ്കിപ്പനി മൂലമുള്ള മരണ നിരക്ക് താരതമ്യേന വർദ്ധിക്കുകയും എലിപ്പനി മൂലമുള്ള മരണ നിരക്ക് വളരെ ഗണ്യമായി കുറയുകയും ചെയ്തിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ പടർന്നു പിടിക്കുന്ന പനിയും പകർച്ചവ്യാധികളും തടയാൻ നടപടി

96 (2222) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പനിയും പകർച്ചവ്യാധികളും പടർന്നു പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കാഞ്ഞങ്ങാട് സ്ഥിതിചെയ്യുന്ന ജില്ലാ ആശുപത്രിയിൽ പനിക്കും മറ്റ് രോഗങ്ങൾക്കുമുള്ള അവശ്യമരുന്നുകൾ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മരുന്നുകൾ എത്തിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly